# പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

നന്ദാവനം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം-33

Phone:0471-2737251, 2737252 Email:cgrantzscdd@gmail.com


No:SCDD/10721/2021-B1 (EDN B)-Part(2)

Date: 05-06-2023

എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്കും

സർ/ മാഡം,

വിഷയം: ഇ-ഗ്രാന്റ്സ്- പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് - വിദ്യാർഥികൾ സ്ഥാപനത്തിൽ ഫീസ് ഒടുക്കാത്തത് -സംബന്ധിച്ച്

സൂചന : സർക്കാർ കത്ത് നമ്പർ എ2/139/2023/പജപവവിവ തീയതി 29/05/5023

പുതുക്കിയ കേന്ദ്ര മാർഗ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ 2021-22 വർഷം മുതൽ പട്ടികജാതി വിഭാഗ വിദ്യാർഥികളുടെ ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് തുക വിദ്യാർഥികളുടെ അക്കൗണ്ടിലേക്ക് നേരിട്ട് അനുവദിക്കുന്നു. ഫീസിനത്തിലുള്ള തുക അക്കൗണ്ടിൽ ലഭ്യമായി 7 ദിവസത്തിനകം സ്ഥാപനത്തിൽ ഒടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ചില വിദ്യാർഥികൾ ഇതു ലംഘിക്കുന്നതായി പരാതി ലഭ്യമായിട്ടുണ്ട്. മേൽ സാഹചര്യത്തിൽ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക്ക് സ്കോളർഷിപ്പ് അക്കൗണ്ടിൽ ലഭിച്ചതിന് ശേഷവും യഥാസമയം സ്ഥാപനത്തിൽ തുക ഒടുക്കാത്ത സാഹചര്യമുണ്ടെങ്കിൽ സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ ചുവടെ ചേർക്കുന്നു.

---

1) ഫീസിനത്തിലുള്ള തുക വകുപ്പിൽ നിന്നും അക്കൗണ്ടിലേക്ക് അനുവദിച്ച് നൽകിയതിനു ശേഷവും ആയത് യഥാസമയം സ്ഥാപനത്തിൽ ഒടുക്കാത്ത വിദ്യാർഥികളുടെ വിവരങ്ങൾ സ്ഥാപന മേധാവികൾ അസ്സിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) പ്രസ്തുത വിദ്യാർഥികൾക്ക് അനുവദിച്ച തുക അക്കൗണ്ടിൽ ക്രെഡിറ്റായി എന്ന് അസ്സിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ഇ-ഗ്രാന്റ്സ് സൈറ്റ് പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. തുക ക്രെഡിറ്റായിട്ടും യഥാസമയം സ്ഥാപനത്തിൽ ഒടുക്കാത്ത വിദ്യാർഥികളുടെ മേൽ നിയമാനുസൃതമുള്ള നടപടി സ്വീകരിക്കുന്നതിന് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ സ്ഥാപനമേധാവികൾക്ക് അനുമതി നൽകേണ്ടതാണ്.

3) ഇത്തരം വിദ്യാർഥികളുടെ തുടർന്നുള്ള സ്കോളർഷിപ്പ് ഇ-ഗ്രാന്റ്സ് സ്കോളർഷിപ്പ് പോർട്ടലിൽ തടയുന്നതിനായി യഥാസമയം ജില്ലാ പട്ടികജാതി വികസന ഓഫീസർമാർ ഡയറക്ടറേറ്റിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

4) സ്കോളർഷിപ്പ് തുക അനുവദിച്ചതിന് ശേഷവും സ്ഥാപനത്തിൽ ഫീസ് ഒടുക്കാത്ത വിദ്യാർഥികളുടെ വിവരങ്ങൾ അസ്സിസ്റ്റന്റ് ജില്ലാ പട്ടികജാതി വികസന ഓഫീസർമാർക്ക് റിപ്പോർട്ട് ചെയ്യാതെയും അനുമതി

ലഭ്യമാക്കാതെയും പട്ടികജാതി വിദ്യാർഥികൾക്കെതിരെ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കാൻ പാടുള്ളതല്ല.

മേൽ വിവരങ്ങൾ എല്ലാ സ്ഥാപനമേധാവികളെയും അറിയിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്

വിശ്വസ്തതയോടെ

Signed by Sindhu Parame
Date: 05-06-2023 17:35:06

ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം)